**KANNUR UNIVERSITY**
കണ്ണൂർ സർവകലാശാല

ഡി എസ് എസ്

---

നമ്പർ. ഡി എസ് എസ്/A4/310/2026 — തീയതി: 02.09.2026

## സർക്കുലർ

വിഷയം:- കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ്/ക്യാമ്പസ് യൂണിയൻ തിരഞ്ഞെടുപ്പ് .

സൂചന :- കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ്/ക്യാമ്പസ് യൂണിയൻ 2026-27- തിരഞ്ഞെടുപ്പ്

### കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ്/ക്യാമ്പസ് യൂണിയൻ തിരഞ്ഞെടുപ്പ് 2026-27 മാർഗ്ഗനിർദ്ദേശങ്ങൾ

i) ലിങ്ദോ കമ്മിറ്റി ശിപാർശയിലുള്ള മുഴുവൻ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുക.

ii) 2026 -27 വർഷത്തെ കോളേജ്/യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് ഇലക്ടറൽ റോളിൽ രേഖപ്പെടുത്തിയ പ്രകാരം തന്നെ മത്സരാർത്ഥി നാമനിർദ്ദേശ പത്രികയിലും പേര് രേഖപ്പെടുത്തേണ്ടതാണ്.

iii) 2026-27 വർഷത്തെ കോളേജ്/യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോളേജ്/ക്യാമ്പസ് തലത്തിൽ പ്രിൻസിപ്പൽ/ ക്യാമ്പസ് ഡയറക്ടർ അധ്യക്ഷനായുള്ള ലിങ്ദോ കമ്മിറ്റി ശിപാർശ പ്രകാരമുള്ള ***'ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി ' രൂപീകരിക്കേണ്ടതും തിരഞ്ഞെടുപ്പ് സംബന്ധമായ പ്രശ്നങ്ങൾ അവിടെ തന്നെ പരിഹരിക്കേണ്ടതുമാണ്.*** കണ്ണൂർ സർവകലാശാല അഫിലിയേറ്റഡ് കോളേജ്/ക്യാമ്പസ് യൂണിയൻ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അടിസ്ഥാന 'ബൈലോ', Lyngdoh Committee Recommendations ആണ്. Annexure-A, Clauses 6.8.4,6.8.5 പ്രകാരം, കോളേജ്/ക്യാമ്പസ് യൂണിയൻ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം നടന്ന് 3 ആഴ്ച്ചക്കുള്ളിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ്, ശേഷം ലഭിക്കുന്ന പരാതികൾ യൂണിവേഴ്സിറ്റിയിലെ ഇലക്ഷൻ ഗ്രിവൻസ് റിഡ്രസ്സൽ സെല്ല് പരിഗണിക്കുന്നതല്ല. ഈ കാര്യം വിദ്യാർത്ഥികളെ തിരഞ്ഞെടുപ്പ് സമയത്ത് ബോധ്യപെടുത്തേണ്ടതാണ്. ബോധ്യപെടുത്തിയെന്നുള്ള സത്യവാങ്മൂലം ഇലക്ഷൻ രേഖകൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കുമ്പോൾ ഉൾപെടുത്തേണ്ടതാണ്.

iv) കോളേജ്/ക്യാമ്പസ് തലത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ/ക്യാമ്പസ് ഡയറക്ടർ സർവകലാശാല വിദ്യാർത്ഥി ക്ഷേമവിഭാഗം ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

v) മത്സരാർത്ഥിയുടെ മറ്റ് യോഗ്യതകൾ നിർണയിക്കുന്നത് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന്റെ തീയതിക്കും സമയത്തിനും അനുസൃതമായിരിക്കും.

vi) 2025 -27 വർഷത്തെ കോളേജ്/യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പിൽ മത്സരാർത്ഥിയുടെ പ്രായം നിർണയിക്കുന്നത് മത്സരാർഥിയുടെ SSLC സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

Circular Malayalam of File DSS/A4/310/2026 Approved by DIRECTOR OF STUDENT SERVICES on 02-Sep-2026 03:12 PM - Page 1

vii) തിരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട് കർശനമായ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

vii) ഫലപ്രഖ്യാപനം കഴിഞ്ഞ് രണ്ടാഴ്ചക്കകം (പതിനാല് ദിവസത്തിനകം ) നിശ്ചിത പ്രൊഫോർമയിൽ തിരഞ്ഞെടുപ്പ് ഫലവും ബന്ധപ്പെട്ട രേഖകളും ഡി.എസ്.എസ് വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന കോളേജുകൾക്കെതിരെ കർശന നടപടികൾ കൈകൊള്ളുന്നതാണ്.

viii) ഡി എസ് എസ്/A4/205/2025 തീയതി: 23.09.2025 ലെ സർവകലാശാല ഉത്തരവ് കർശനമായും പാലിക്കേണ്ടതാണ്.

IX) പ്രാദേശിക അവധികൾ, പ്രാദേശികമായ മറ്റ് പ്രശ്നങ്ങൾ എന്നിവ മൂലം തെരഞ്ഞെടുപ്പ് ഷെഡ്യൂളിൽ മാറ്റം വരുത്തുന്ന പക്ഷം മുൻകൂറായി വിദ്യാർത്ഥിക്ഷേമ വിഭാഗത്തിൽ രേഖമൂലം അറിയിക്കേണ്ടതാണ്.

**Deputy Registrar**
**Office of the DSS**
**Kannur U...**

ഡോ.അനൂപ് കെ വി
for വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ

Circular Malayalam of File DSS/A4/310/2026 Approved by DIRECTOR OF STUDENT SERVICES on 02-Sep-2026 03:12 PM - Page 2